15 -ാം കേരള നിയമസഭ

10 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2609 — 13-02-2024 - ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി. വി. അൻവർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; തനത് നികുതി വരുമാനത്തിലെ വാർഷിക വളർച്ചാനിരക്കിൽ മുന്നേറ്റം ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വിശദാംശം ചുവടെ ചേർത്തിരിക്കുന്നു. |

| സാമ്പത്തിക വർഷം | സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം (തുക കോടിയിൽ) | മുൻ വർഷത്തെ അപേക്ഷിച്ചുള്ള വാർഷിക വളർച്ചാ നിരക്ക് |
|---|---|---|
| 2020-21 | 47660.84 | -5.29% |
| 2021-22 | 58340.52 | 22.41% |
| 2022-23 | 71968.16 | 23.36% |

| | | | |
|---|---|---|---|
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനടിസ്ഥാനമായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഉർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായാണ് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ പുനസംഘടന നടപ്പിലാക്കിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി ഇന്റലിജൻസ് & എൻഫോഴ്‌സ്മെന്റ്, ഓഡിറ്റ്, ടാക്സ് പെയർ സർവീസസ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ച് നികുതിവെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വകുപ്പ് കാര്യക്ഷമതയോടെ ഏർപ്പെട്ടു വരുന്നു. വകുപ്പിലെ വിവിധ വിഭാഗങ്ങളിലെ ജീവനക്കാർക്ക് നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനും ജി.എസ്.ടി നിയമാനുസൃത നടപടികൾ കൈകൊള്ളുന്നതിനും വേണ്ട വിദഗ്ധ പരിശീലനം പ്രഗദ്ഭരായ പരിശീലകരെ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. ഇതിലൂടെ ജീവനക്കാരുടെ പ്രവർത്തനം മെച്ചപ്പെടുത്താനും നികുതി വരുമാനം വർധിപ്പിക്കാനും കഴിയുന്നുണ്ട്. കൂടാതെ, മറ്റു സംസ്ഥാനങ്ങളിലെ ജി.എസ്സ്.ടി വകുപ്പുകളുമായി സഹകരിച്ച് ജോയിന്റ് ഓപ്പറേഷൻ നടത്തി, നികുതി വെട്ടിപ്പുകൾ തടയുന്നതിനും, വ്യാജ ബിൽ, വ്യാജ രജിസ്ട്രേഷൻ എന്നിവ തടയുന്നതിനും വേണ്ടുന്ന ഊർജ്ജിത നടപടികൾ കൂടുതൽ കാര്യക്ഷമമായി നടന്നു വരുന്നു.<br><br>ഇത് കൂടാതെ വകുപ്പിൽ പുതുതായി രൂപീകരിക്കപ്പെട്ട ഓഡിറ്റ് സംവിധാനത്തിന്റെ പ്രവർത്തനം പൂർണതോതിൽ ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിന് പൊതുജനങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള റിവാർഡ് സ്കീമുകൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ